# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 908** — **06.06.2018-ൽ മറുപടിയ്ക്ക്**

### ആദിവാസി കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | വനാന്തര മേഖലയിൽ താമസിക്കുന്ന ആദിവാസികളുടെ മക്കൾ സെക്കണ്ടറി/ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തോടെ പഠനം നിർത്തുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | വനാന്തര മേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ചില വിദ്യാർത്ഥികൾ സെക്കണ്ടറി/ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തോടെ പഠനം നിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരം കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനുവേണ്ട പുതിയ പദ്ധതികൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; | ബി) | സെക്കണ്ടറി/ ഹയർ സെക്കണ്ടറി പരീക്ഷയിൽ വിജയികളാകുന്ന വനാന്തര മേഖലയിൽ താമസിക്കുന്നതുൾപ്പെടെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റലുകളിൽ താമസിച്ച് തുടർവിദ്യാഭ്യാസം നടത്തുന്നതിലേക്ക് പുതിയ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>• നിലവിലുള്ള ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ വർദ്ധപ്പിക്കുന്നതു കൂടാതെ 4 പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നടപ്പ സാമ്പത്തിക വർഷം വാടക കെട്ടിടത്തിൽ ആരംഭിക്കുന്നുണ്ട്.<br><br>• കിഫ്ബിയുടെ സഹായത്തോടെ 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും 5 പ്രീമെട്രിക് ഹോസ്റ്റലുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | പുരോഗമിച്ച വരുന്നു.<br>• കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരുന്നു.<br>• അട്ടപ്പാടി, കുളത്തുപ്പുഴ എന്നീ എം.ആർ.എസുകളിൽ പുതുതായി ഹയർസെക്കണ്ടറി സയൻസ്, കൊമേഴ്സ് ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്.<br>• പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ പെൺകുട്ടികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച വരുന്നു.<br>• സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും എഞ്ചിനീയറിംഗ് കോഴ്സിന് പഠനം നടത്തുന്നവരും പഠനം പൂർത്തിയാക്കാൻ കഴിയാത്തവരുമായ വിദ്യാർത്ഥികൾക്ക് പ്രത്യേക വിദഗ്ധ പരിശീലനം നൽകുന്നതിനായി സമുന്നതി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| സി) | കോതമംഗലം മണ്ഡലത്തിലെ പതിനാറോളം ട്രൈബൽ സെറ്റിൽമെന്റുകളിൽ ഇപ്രകാരം പഠനം നിർത്തിയ കുട്ടികളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | സി) | കോതമംഗലം മണ്ഡലത്തിലെ വിവിധ കോളനികളിൽ നിന്നും സെക്കണ്ടറി തലത്തിൽ 21 പേരും ഹയർസെക്കണ്ടറി തലത്തിൽ 13 പേരും പഠനം നിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) | പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള ഗുണകരമായ മാറ്റം ആദിവാസി മേഖലയിൽ ഫലപ്രാപ്തിയിലെത്തിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ഡി) | പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള ഗുണകരമായ മാറ്റം ആദിവാസി മേഖലയിൽ ഫലപ്രാപ്തിയിലെത്തിക്കുവാൻ 20 എം.ആർ.എസുകൾ വകുപ്പിന് കീഴിൽ പ്രവർത്തിച്ച വരുന്നു. എം.ആർ.എസ്-കളിലെ വിദ്യാർത്ഥികൾക്ക് പാഠ്യ പാഠ്യേതര നിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | എം.ആർ.എസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പഠന പദ്ധതി, സ്പെഷ്യൽ ട്യൂഷൻ പദ്ധതി, SPC, NSS, NCC, ശാസ്ത്രബോധിനി എന്നീ പദ്ധതികളും, സർഗ്ഗോത്സവം എന്നപേരിൽ സംസ്ഥാനതല കലാമേളയും കളിക്കളം എന്ന പേരിൽ സംസ്ഥാനതല കായിക മേളയും നടത്തുന്നു. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നടത്തുന്നതിന് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ബോധവൽക്കരണം നൽകുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരെ നിയമിച്ചിട്ടുണ്ട്. |
| ഡി) | ഇപ്രകാരം കോതമംഗലം മണ്ഡലത്തിലെ ആദിവാസി സെറ്റിൽമെന്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ? | ഡി) | പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കോതമംഗലം മണ്ഡലത്തിൽ ഇന്റർനെറ്റ് സൗകര്യത്തോട്കൂടി 3 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചു വരുന്നു. മണ്ഡലത്തിലെ വിവിധ ആദിവാസി കോളനികളിലായി എസ്.എസ്.എ-യുടെ കീഴിൽ 9 ഊരു വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികൾക്ക് വേണ്ടിയും പ്രതിഭാ ഭോഷണത്തിനുമായി എസ്.എസ്.എയുടെ നിയന്ത്രണത്തിൽ ഒരു പ്രാദേശിക കേന്ദ്രം പ്രവർത്തിച്ചു വരുന്നു. |

Harikrishna (signature)

സെക്ഷൻ ഓഫീസർ